



# മിറക്കിൾ ഫ്രൂട്ട്
## *(Synsepalum dulcificum)*

മിറക്കിൾ ബെറി എന്ന പേരിൽ കൂടി അറിയപ്പെടുന്ന മിറക്കിൾ ഫ്രൂട്ട് Sapotaceae സസ്യ കുടുംബത്തിലാണ് ഉൾപ്പെടുന്നത്. നിത്യഹരിതമായ ഒരിനം കുറ്റിച്ചെടി. പഴത്തിന് പ്രത്യേകസ്വാദുകളൊന്നുമില്ല. എന്നാൽ ഇതു ഭക്ഷിച്ച ശേഷം പുളിപ്പുള്ള ഏത് ഭക്ഷണം കഴിച്ചാലും മധുരരസമായിരിക്കും അനുഭവപ്പെടുക.

ഉത്ഭവം : പടിഞ്ഞാറൻ ആഫ്രിക്കയുടെ ഉഷ്ണമേഖലാ പ്രദേശങ്ങൾ



## വിവരണം

### മരം

ഇടതൂർന്നു വളരുന്ന കുറ്റിച്ചെടിയായോ ചെറുമരമായോ മിറക്കിൾ ഫ്രൂട്ടിനെ കണക്കാക്കാം. സാധാരണയായി 15 അടി വരെയാണ് ഉയരം വയ്ക്കുന്നത്.

### പൂക്കൾ

വെളുത്ത നിറമാണ് പൂക്കൾക്ക്. ഇവയിൽ നിന്നു വളർന്നു വരുന്ന പഴങ്ങൾക്ക് 2-3 സെന്റിമീറ്റർ (0.8-1.2 ഇഞ്ച്) വലുപ്പവുമുണ്ടാകും.





### പഴം

കുരുവിനെ പൊതിഞ്ഞിരിക്കുന്ന മാംസളഭാഗത്തിന് പഞ്ചസാരയുടെ അംശം തീരെ കുറവായിരിക്കും. മിറാകുലിൻ എന്ന പഴത്തിൽ ഗ്ലൈക്കോപ്രോട്ടിൻ തന്മാത്രയും അന്നജത്തിന്റെ ശൃംഘലയുമുണ്ട്. പഴത്തിന്റെ മാംസളമായ ഭാഗം ഭക്ഷിക്കുമ്പോൾ ഗ്ലൈക്കോപ്രോട്ടിൻ തന്മാത്ര നാവിലെ രസമുകുളങ്ങളോടു ചേരുന്നു. അങ്ങനെയാണ് ഇതിനു ശേഷം കഴിക്കുന്ന പുളിയുള്ള ഭക്ഷണത്തിനും മധുരം തോന്നുന്നത്.



## നടീൽ പരിചരണം

**നടീൽ വസ്തു** : വിത്തു തൈകൾ

**നടീൽ രീതി** : തടങ്ങളെടുത്ത് കൃഷി ചെയ്യാം. ഗ്രോബാഗ് പോലെയുള്ള കണ്ടെയ്നറുകളിലും വളർത്താം.

**കുഴിയുടെ അളവ്** : ഒരടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ വ്യാസം** : ഏഴ് അടി

**ഇലത്തഴപ്പിന്റെ ഉയരം** : 10 അടി

**വിളവ് ലഭിക്കുന്ന സീസൺ** : ഒന്നിലധികം വിളവെടുപ്പ്

**അനുയോജ്യ നടീൽ പ്രദേശം** : താഴ്വാര മേഖലകൾ, നിരപ്പായ പ്രദേശങ്ങൾ




1 X 1 X 1 മീറ്റർ സമചതുരം

## IDEAL GROWING CONDITIONS



- **സൂര്യപ്രകാശത്തിന്റെ ആവശ്യം** : നല്ല വെയിൽ മുതൽ ഭാഗികമായ തണൽ വരെ
- **താപനില** : 22-35 ഡിഗ്രി സെൽഷ്യസ്
- **മഴ** : 1200-2000 മില്ലി മീറ്റർ
- **ആപേക്ഷിക ആർദ്രത** : 70-90%
- **മണ്ണിന്റെ അമ്ലക്ഷാര നില** : 5.5 മുതൽ 6.5 വരെ
- **മണ്ണിന്റെ സ്വഭാവം** : വെട്ടുകൽ മണ്ണ്, മണലിന്റെ അംശമുള്ള എക്കൽ മണ്ണ്
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2000 അടി വരെ
- **കൊമ്പുകോതൽ** : ആവശ്യമാണ്
- **വെട്ടിയൊരുക്കൽ** : ആവശ്യമാണ്
- **പരാഗണം** : സ്വയം പരാഗണം

## പോഷണ പരിപാലനം

| വളം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 50 ഗ്രാം | 100 ഗ്രാം | 150 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 1 കി. ഗ്രാം | 2 കി. ഗ്രാം | 3 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 100 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | മഴക്കാലത്തിനു മുമ്പ് |

*ശുപാർശ ചെയ്തിരിക്കുന്ന വളം പകുതി വീതം രണ്ടു തവണയായി നൽകുക



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളം |
|---|---|
| ഒന്നാം വർഷം | 3 ലിറ്റർ |
| രണ്ടാം വർഷം | 5 ലിറ്റർ |
| മൂന്നാം വർഷം | 6 ലിറ്റർ |

## രോഗങ്ങളും കീടങ്ങളും

**ഇല മഞ്ഞളിപ്പ്** : എൻപികെ 19-19-19 മൂന്നു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കുക.



Document Prepared by

Research and Development department
Homegrown Biotech
Ph: +91 9562066333